## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.6001 — 04.11.2016-ൽ മറുപടിയ്ക്ക്

### ഡാറ്റ ഡിജിറ്റലൈസ് പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവുംവകുപ്പ മന്ത്രി |
| (എ) എല്ലാ വില്ലേജുകളിലേയ്ക്കും ഡാറ്റ ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഈ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതെന്താണെന്നും, നാളിതുവരെ ഇതിനായി എന്തുനടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (എ) ഉണ്ട്. ഭൂരേഖാ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കിയതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലും അടിസ്ഥാന ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും റവന്യൂ ഇ-പെയ്മെന്റും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യ ഘട്ടം. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 762 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. 545 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) ഇതിനായി രജിസ്ട്രേഷൻ/റവന്യൂ സംവിധാനങ്ങൾ സംയോജിപ്പിയ്ക്കുന്ന പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഭൂരേഖ കംപ്യൂട്ടർ വത്കരണത്തിനായുള്ള റവന്യൂ വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ് വെയർ ആയ റിലീസും (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം ) ഭൂ രെജിസ്ട്രേഷനുവേണ്ടി രജിസ് ട്രേഷൻ വകുപ്പ് ഉപയോഗിക്കുന്ന ഓപ്പൺ പേൾ എന്ന സോഫ്റ്റ് വെയറും വെബ് സർവീസ് മുഖേന |

സംയോജിപ്പിച്ചുകൊണ്ടാണ് ഭൂ സംബന്ധമായ സേവനങ്ങൾ നിലവിൽ നൽകിവരുന്നത്.

രജിസ്ട്രേഷൻ- റവന്യൂ സംവിധാനങ്ങൾ സംയോജിപ്പിച്ചു കൊണ്ടുള്ള ഓൺലൈൻ പോക്കുവരവ് പദ്ധതിപ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. റീസർവ്വേപദ്ധതികൾ പൂർത്തിയാക്കിയ വില്ലേജുകൾ അധികാരപരിധിയായുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലാണ് പദ്ധതി ആദ്യഘട്ടത്തിൽ തുടക്കം കുറിച്ചത്. സംസ്ഥാനത്തെ 200 സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തന പരിധിയിലുള്ള വില്ലേജുകളിൽ ഈ സൗകര്യം ലഭ്യമാണ്.

**(സി)** കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുൻ സർക്കാർ കാലയളവിൽ നടത്തിയിരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അക്കാലയളവിൽ ഡാറ്റ ഡിജിറ്റലൈസ് പ്രവർത്തനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ മുൻ സർക്കാർ കാലയളവിൽ നടത്തിയിരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1.ഇ രേഖാ പദ്ധതി

2.മോഡേൺ സെൻട്രൽ റെക്കോർഡ് റൂം സ്ഥാപിക്കൽ

3.14 ജില്ലകളിലെ ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ (14 എണ്ണം) സ്ഥാപിക്കൽ

4.വെബ് ജിഐഎസ് മുഖാന്തിരം ലാന്റ് റിക്കോർഡ് നൽകുന്ന പദ്ധതി

5.ഒരു ഹാർഡ് വെയർ സെർവർ സ്റ്റോറേജ് സംവിധാനം ഒരുക്കുന്ന ബാക്ക് അപ്പ് സെർവർ പദ്ധതി

6.ജിസിപി പോയിന്റുകൾ സംസ്ഥാന വ്യാപകമായി സ്ഥാപിക്കുന്ന പദ്ധതി

7.സർവ്വേ ഭവനിലും മറ്റ് 14 ജില്ലകളിലും മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുന്ന പദ്ധതി

8.എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസുകളിലും ഒരു ആർഡി ഓഫീസിലും റെക്കോർഡ് റൂം സ്ഥാപിക്കുന്ന പദ്ധതി

9. 'മാപ്പ് മൈ ഹോം' പദ്ധതി.

**(ഡി)** ഇതിനായി സർവ്വേ വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ഇതിനായി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും വകുപ്പ് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

(ഡി) സർവ്വേ വകുപ്പിന്റെ കീഴിൽ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ച് ആവശ്യാനുസരണം ജീവനക്കാരെ നിയോഗിച്ചു ഡിജിറ്റൈസേഷൻ ജോലികൾ നിർവ്വഹിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ